**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18** **10-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സമാധാന അന്തരീക്ഷം നിലനിർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബോംബ് നിർമ്മാണം വ്യാപകമായി നടക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യാപകമായി ബോംബ് നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2024 ലോക് സഭ തിരഞ്ഞെടുപ്പ് കാലത്ത് കണ്ണൂർ ജില്ലയിലെ പാനൂരിൽ ബോംബ് നിർമ്മിക്കുന്നതിനിടെയുണ്ടായ സ്ഫോടനത്തിൽ ഒരാൾ മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | അതീവ ഗൗരവത്തോടെയാണ് കാണുന്നത്. കണ്ണൂർ, മുളിയത്തോട്ടുണ്ടായ ബോംബ് സ്ഫോടനത്തെ തുടർന്ന് ഷെറിൻ എന്നയാൾ മരണപ്പെടുകയും മൂന്ന് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇക്കാര്യത്തിന് പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 273/2024 U/s 3 & 5 ES Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി സംഭവത്തിൽ ഉൾപ്പെട്ട 15 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) | പാനൂരിലും പരിസരപ്രദേശങ്ങളിലും നാടൻബോംബ് നിർമ്മിക്കുന്നുവെന്ന ഇന്റലിജൻസ് റിപ്പോർട്ട് പോലീസിന് ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് അവഗണിക്കാനുണ്ടായ കാരണം വിശദമാക്കാമോ; | (സി) | സ്ഫോടകവസ്തുക്കളുടെ നിർമ്മാണവും മറ്റും തടയുന്നതിന് ശക്തമായ നടപടികളും പരിശോധനയും പോലീസ് നടത്താറുണ്ട്. |
| (ഡി) | സംസ്ഥാനത്തിന്റെ സമാധാന അന്തരീക്ഷം തകർക്കാൻ ലക്ഷ്യമിട്ടുള്ള നാടൻ ബോംബ് നിർമ്മാണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും അനധികൃത നിർമ്മാണവും ശേഖരണവും തടയുന്നതിനും കണ്ടെത്തുന്നതിനുമായി ക്വാറികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിരന്തരം റെയ്ഡുകൾ നടത്തി അനധികൃതമായി സംഭരിച്ചിട്ടുള്ള വെടിമരുന്ന് ശേഖരം പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും കൂടാതെ അതിർത്തി സ്ഥലങ്ങൾ ഉൾപ്പെടെ BDDS, DOG സ്ക്വാഡുകളെ ഉൾപ്പെടുത്തി വ്യാപകമായ വാഹന പരിശോധനകൾ കർശനമാക്കുകയും ഊർജിത പട്രോളിംഗ് നടത്തുകയും ചെയ്തുവരുന്നു. സംസ്ഥാനത്തിന്റെ സമാധാനാന്തരീക്ഷം തകർക്കാൻ ലക്ഷ്യമിട്ടുള്ള |

| | | | |
|---|---|---|---|
| | | | ഏതുതരം പ്രവർത്തികളും തടയുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ